(ഡി) ഇതേക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി എടുത്തുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1538521 പുതിയ അപേക്ഷകൾ നിലവിലുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ് | - 78302 |
| കണ്ണൂർ | - 113589 |
| വയനാട് | - 56942 |
| കോഴിക്കോട് | - 149319 |
| മലപ്പുറം | - 136911 |
| പാലക്കാട് | - 157901 |
| തൃശൂർ | - 149775 |
| എറണാകുളം | - 109376 |
| കോട്ടയം | - 97473 |
| ഇടുക്കി | - 88295 |
| പത്തനംതിട്ട | - 73347 |
| ആലപ്പുഴ | - 98762 |
| കൊല്ലം | - 89142 |
| തിരുവനന്തപുരം | - 139307 |

(സി) ഹിയറിംഗിനായി നിശ്ചയിക്കപ്പെട്ട തീയതികളിലും സമയത്തും അപേക്ഷകരെ വിളിച്ചുവരുത്തി, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു നിജസ്ഥിതി ബോദ്ധ്യപ്പെട്ടതിനുശേഷം യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസീൽദാർ), അസിസ്റ്റന്റ് രജിസ്ട്രേഷൻ ഓഫീസർ (ഡെപ്യൂട്ടി തഹസീൽദാർ) എന്നീ ഉദ്യോഗസ്ഥന്മാർ അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുന്നു.

(ഡി) ഉണ്ട്. പ്രസ്തുത പരാതികളിന്മേൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളാൻ അവ വരണാധികാരികൂടിയായ ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**37 (37) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി**

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എളമരം കരീം :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും അഴിമതി മുക്ത മാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അവിഹിത സ്വത്ത് സമ്പാദ്യം, കൈക്കൂലി തുടങ്ങിയ കേസ്സുക ളിൽ രഹസ്യ സ്വതന്ത്രാന്വേഷണത്തിനുള്ള ഏതെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര വിജിലൻസ് കേസ്സു കളുടെ അന്വേഷണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) അവിഹിത സ്വത്ത് സമ്പാദ്യത്തിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥ ന്മാരെ വിജിലൻസ് അന്വേഷണത്തെ തുടർന്ന് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇതിനായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഡിപ്പാർട്ടുമെന്റതല വിജിലൻസ് സംവിധാനവും കൂടുതൽ ശക്തമാക്കിയി ട്ടുണ്ട്. വകുപ്പുതല വിജിലൻസ് ഓഫീസർമാർക്ക് കീഴ് ഓഫീസുകളിലും പ്രോജക്ട് സൈറ്റുകളിലും പരിശോധന നടത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പുതല വിജിലൻസ് ഓഫീസർമാരായി നിയമി ക്കപ്പെടുന്നവരെ 2 വർഷത്തേക്ക് സ്ഥലം മാറ്റുന്നതിനും വിലക്ക് ഏർപ്പെടുത്തി യിട്ടുണ്ട്. സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓഫീസുക ളിൽ കൃത്യനിഷ്ഠ പാലിക്കുന്നതിനുള്ള കർശനമായ നിർദ്ദേശങ്ങൾ നൽകി യിട്ടുണ്ട്. കൂടാതെ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകാത്തവരും അനുവാ ദമില്ലാതെ സമയത്തിനു മുമ്പ് ഓഫീസ് വിടുന്നതുമായ ജീവനക്കാർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാരും മറ്റു മേലുദ്യോഗസ്ഥന്മാരും ശിക്ഷണ നടപടി എടുക്കണ മെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളിലെ കാര്യക്ഷ മത വർദ്ധിപ്പിക്കുന്നതിനുള്ള ഇപ്പോഴത്തെ നടപടിക്രമങ്ങൾ ലഘൂകരിച്ച് മെച്ച പ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഭരണപരി ഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ പരി ശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുപോലെയുള്ള എല്ലാ വിജിലൻസ് കേസ്സുകളിലും രഹ സ്യവും സ്വതന്ത്രവുമായ അന്വേഷണമാണ് ഇപ്പോൾതന്നെ നടത്തുന്നത്.

(സി) 1996-97-ൽ 114-ഉം 1997-98-ൽ 163-ഉം 1998-99-ൽ 186-ഉം വിജി ലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. 1996-97-ൽ 49-ഉം 1997-98-ൽ 97-ഉം 1998-99-ൽ 141-ഉം കേസുകളുടെ അന്വേഷണം പൂർത്തി യാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ 15 ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly